പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 217 | 01-04-2013-ൽ മറുപടിക്ക്

**ജലശ്രീ ക്ലബ്ബുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. വാഹീദ്.<br>ശ്രീ. ഡൊമനിക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലശ്രീ ക്ലബ്ബുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്; സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ച് അതിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകനും വിദ്യാർത്ഥികൾക്കും മഴവെള്ള സംഭരണം, ഭൂജലപരിപോഷണം, ജലഗുണനിലവാര പരിശോധന എന്നിവയിൽ ജില്ലാടിസ്ഥാനത്തിൽ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) പുതിയ ജലസംസ്കാരം വളർത്തിയെടുക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾ പ്പെടുത്തിയിട്ടുള്ളത്; | (ബി) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ജലശ്രീ-സി.സി.ഡി.യു -ന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ജലസംരക്ഷണം, മഴവെള്ള സംഭരണം, ഭൂജല പരിപോഷണം, ജലഗുണ നിലവാരം, ശുദ്ധജലത്തിന്റെ വിനിയോഗം, ജലമാനേജ് മെന്റ് എന്നീ മേഖലകളിൽ കുട്ടികൾക്ക് കൂടുതൽ അവബോധം നൽകുകയാണ് ജലശ്രീ ക്ലബ്ബുകളുടെയും ജലസൗഹൃദവിദ്യാലയ ങ്ങളുടെയും പ്രവർത്തനങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ നടത്താനുദ്ദേശിക്കുന്നതെന്നറിയിക്കുമോ; | (സി) | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും കോളേജുകളിലും ഘട്ടംഘട്ടമായി പദ്ധതി നടപ്പിലാക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി മികച്ച ജലസൗഹൃദ വിദ്യാലയത്തിനുള്ള പുരസ്കാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ